പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5058 30.06.2014 ൽ മറുപടിക്ക്

## സിംലെസ് മെഡിക്കൽ ഇന്റർവെൻഷൻ ഫോർ ലൈഫ് കെയർ ആന്റ് എമർജൻസി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.എം.എ.വാഹീദ്**<br>**ശ്രീ.ലൂഡി ലൂയിസ്** | **രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| **എ)** സംസ്ഥാനത്ത് പോലീസ് സേനയിൽ സിംലെസ് മെഡിക്കൽ ഇന്റർവെൻഷൻ ഫോർ ലൈഫ് കെയർ ആന്റ് എമർജൻസി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | **(എ)** യും **ബി)** യും സംസ്ഥാനത്ത് പോലീസ് സേനയിൽ സിംലെസ് മെഡിക്കൽ ഇന്റർവെൻഷൻ ഫോർ ലൈഫ് കെയർ ആന്റ് എമർജൻസി (SMILE) എന്ന പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നു. ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ദേശീയപാതകൾ, എം.സി. റോഡ് എന്നിവയോട് അടുത്തുള്ള പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കും, ഹൈവേ പട്രോളിംഗിലെയും കൺട്രോൾ റൂമുകളിലെയും പോലീസുദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം ഈ പദ്ധതിയിലൂടെ നൽകുവാനും, പോലീസുദ്യോഗസ്ഥർക്കായുള്ള മെഡിക്കൽ ചെക്കപ്പുകൾ നടത്തുവാനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്. |
| **ബി)** പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | |
| **സി)**റോഡ് അപകടമരണങ്ങൾ കുറയ്ക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വിശദമാക്കുമോ; | **സി)** റോഡപകട മരണങ്ങൾ കുറയ്ക്കുന്നതിനായി അടിയന്തിര സഹായം ലഭ്യമാക്കുന്നതിനായുള്ള "Diamond Hour Trauma care and Golden Hour Trauma Care" എന്നീ പരിശീലനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. |
| **ഡി)** ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പദ്ധതി നടത്തിപ്പിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | **ഡി)** ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ